(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാത്തത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ&ബി) മദ്യനയം രൂപീകരിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി 6-3-2014-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് കൂടി പരിഗണിച്ചാണ് സർക്കാർ മദ്യനയം രൂപീകരിച്ചിട്ടുള്ളത്.

(സി) മദ്യനയം രൂപീകരിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഗതാഗത നിയമലംഘനങ്ങൾ**

24 (*174) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമ ലംഘനങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഇതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ ശതമാനക്കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഹോണിന്റെ ശബ്ദ നിയന്ത്രണ വ്യവസ്ഥകൾ, ലൈറ്റുകളുടെയും നമ്പർ പ്ലേറ്റുകളുടെയും വിന്യാസം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ നിരന്തരം ലംഘിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കർശന നിയന്ത്രണ/ശിക്ഷാനടപടികൾ സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. വാഹനാപകടങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്ക് സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോ ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഈ കണക്കനുസരിച്ച് 2009-നെ അപേക്ഷിച്ച് 2010 ൽ മോട്ടോർ വാഹന അപകടങ്ങളുടെ എണ്ണത്തിൽ 1% കുറവ് വന്നിട്ടുണ്ട്. അതേസമയം 2011, 2012 വർഷങ്ങളിൽ ഇവയുടെ എണ്ണത്തിൽ യഥാക്രമം 0.38%, 2.7% എന്ന നിലയിൽ തൊട്ടുമുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായി. എന്നാൽ എൻഫോഴ്സ്മെന്റ് സംവിധാനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്തിയതിനെ തുടർന്ന് 2013-ൽ 2012-നെ അപേക്ഷിച്ച് അപകടങ്ങളുടെ എണ്ണത്തിൽ 2.65% കുറവ് വന്നിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 2014-ലും മോട്ടോർവാഹന അപകടങ്ങളുടെ എണ്ണത്തിൽ 2013-നെ അപേക്ഷിച്ച് കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചു വരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ-ബോധവത്കരണം**

25 (*175) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ബോധവത്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും, അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രീ പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയകേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ മുഖേന സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ CERT(Computer Emergency Response Team)-ന്റെ സഹകരണത്തോടെ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly